നം.കെ.എസ്.എ-ഐ.ഡി.കെ-13/1360/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ഇടുക്കി ജില്ലാ ഓഡിറ്റ് കാര്യാലയം
തൊടുപുഴ

*E-mail :doidk.ksad@kerala.gov.in*
Phone : 04862 227332
തീയതി : 05.11.2016

# ഇടുക്കി ജില്ലയിലെ അറക്കുളം ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(**1994**ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് **215(4), 1994**ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് **13,**
**1996**ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

****************************

ഇടുക്കി ജില്ലയിലെ അറക്കുളം ഗ്രാമപഞ്ചായത്തിന്റെ **2015-16** സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 15.04.2016ൽ 19.09.2016 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 20 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ, ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**(എ)** ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | | |
|---|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | ശ്രീ. എസ്. മുരളീദാസ്, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 19.09.2016 മുതൽ 24.09.2016 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | ശ്രീമതി. ബേബി സനൂജ | ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ.) |
| | : | ശ്രീമതി. സുസനിയാമ്മ | ഓഡിറ്റ് ഓഫീസർ |

| | | | |
|---|---|---|---|
| | | തോമസ് | |
| | : | ശ്രീമതി. ലീന പി. ബി. | അസി. ഓഡിറ്റ് ഓഫീസർ |
| | : | ശ്രീ. എം.യു. സണ്ണി | അസി. ഓഡിറ്റ് ഓഫീസർ |
| | : | ശ്രീ. എം. എസ്. രാജീവ് | അസി. ഓഡിറ്റ് ഓഫീസർ |

**(ബി)** നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി. ബ്രിജിത്ത് സിറിയക് | 01.04.2015 മുതൽ 31.10.2015 വരെ |
| | അഡ്മിനിസ്ട്രേറ്റിവ് കമ്മറ്റി | 01.11.2015 മുതൽ 18.11.2015 വരെ |
| | ശ്രീ.ടോം ജോസ് | 19.11.2015 മുതൽ 31.03.2016 വരെ |
| സെക്രട്ടറി | ശ്രീ.സജി തോമസ് | 01.04.2015 മുതൽ 31.03.2016 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| അസി.സെക്രട്ടറി | ശ്രീ.സുബൈർ എം.എ | 01.04.2015 മുതൽ 12.05.2015 വരെ |
| | ശ്രീമതി.എ.ആർ.ഉഷ (ജൂനിയർസൂപ്രണ്ട്-അധിക ചുമതല) | 13.05.2015 മുതൽ 01.06.2015 വരെ |
| | ശ്രീമതി സുശീല കെ.എൻ | 02.06.2015 മുതൽ 24.08.2015 വരെ |
| | ശ്രീമതി.സിസിലിയാമ്മ കെ.ജെ. | 25.08.2015 മുതൽ 26.08.2015 വരെ |
| | ശ്രീ.സുരേഷ് .വി | 26.08.2015 മുതൽ 30.09.2015 വരെ |
| | ശ്രീമതി .പി.ശോഭന | 01.10.2015 മുതൽ 31.03.2016 വരെ |
| അസി.എഞ്ചിനീയർ | ശ്രീ.ഷിജു. സി.എസ് | 01.04.2015 മുതൽ 25.05.2015 വരെ |
| | ശ്രീ.ബാബു സി.കെ | 26.05.2015 മുതൽ 31.03.2016 വരെ |
| വെറ്ററിനറി സർജൻ | ഡോ.ജസ്റ്റിൻ ജേക്കബ് | 01.04.2015 മുതൽ 31.03.2016 വരെ |
| കൃഷി ഓഫീസർ | ശ്രീമതി. ആഷ് ലി മറിയം ജോർജ് | 01.04.2015 മുതൽ 31.03.2016 വരെ |

| | | |
|---|---|---|
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി. സിസിലിയാമ്മ മാത്യു | 01.04.2015 മുതൽ 29.12.2015 വരെ |
| | ശ്രീമതി ഗീത.പി.കെ. | 30.12.2015 മുതൽ 31.03.2016 വരെ |
| വി.ഇ.ഓ | ശ്രീ. ജയലളിത പി.കെ. | 01.04.2015 മുതൽ 31.03.2016 വരെ |
| ഹെഡ് മാസ്റ്റർ | ശ്രീ.പി.ആർ . നാരായണൻ | 01.04.2015 മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ-ആരോഗ്യം | ഡോ.കെ.സി.ചാക്കോ | 01.04.2015 മുതൽ 31.03.2016 വരെ |
| ആയുർവേദം | ഡോ .ഷീന.എം.കെ | 01.04.2015 മുതൽ 31.03.2016 വരെ |
| | ഡോ.ഷീജ.എസ് | 01.04.2015 മുതൽ 31.03.2016 വരെ |
| ഹോമിയോ | ഡോ.കെ.എൻ. ശോഭന | 01.04.2015 മുതൽ 31.03.2016 വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |

| | | |
|---|---|---|
| | | |
| 9 | ക്യാഷ് വേരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കിലെ അപാകതകൾ | 1-12 |
| | ഭാഗം 2 | |
| 13 | വാടക ഈടാക്കിയിട്ടില്ല | 2-1 |
| | ഭാഗം 3 | |
| 14 | തൊഴിൽരഹിത വേതനം -അപാകതകൾ | 3-1 |
| 15 | സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ്- പദ്ധതി പൂർത്തിയായിട്ടില്ല. | 3-2 |
| 16 | വീട് മെയിന്റനൻസ് -അംഗീകരിച്ച പ്രോജക്ടിൽ നിന്നും വ്യതിചലിച്ച് പദ്ധതി നടപ്പിലാക്കിയിരിക്കുന്നു | 3-3 |
| | ട്രാൻസ്പോർട്ടേഷൻ ചാർജ് നല്കിയത് | 3-4 |
| 17 | ചെലവ് തടസ്സപ്പെടുത്തുന്നു | 3-5 |
| 18 | പെൻഷൻ തുക തിരികെ ഒടുക്കിയത് - വിശദാംശങ്ങൾ ലഭ്യമാക്കിയില്ല. | 3-6 |
| 19 | മീഡിയാശ്രീ- പദ്ധതി -പദ്ധതി പൂർത്തിയായില്ല | 3-7 |
| 20 | എം.ജി.എൻ.ആർ.ഇ.ജി.എ. ജീവനക്കാർക്ക് തനത്ഫണ്ടിൽ നിന്നും തുക നല്കിയത് | 3-8 |
| 21 | ആശ്രയ അക്കൌണ്ടിൽ വൻ തുക അവശേഷിക്കുന്നത് | 3-9 |

| | | |
|---|---|---|
| 22 | വെള്ളക്കരം ഒടുക്കുന്നത് | 3-10 |
| 23 | ലൈബ്രറി സെസ് ഒടുക്കിയിട്ടില്ല | 3-11 |
| | ഭാഗം 4 | |
| 24 | സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 25 | ഡെപ്പോസിറ്റ് വർക്കിന് നല്കിയത് | 4-2 |
| 27 | മൊബിലൈസേഷൻ അഡ്വാൻസ് നല്കിയത് | 4-3 |
| 28 | വായ്പ / വായ്പ തിരിച്ചടവ് | 4-4 |
| 29 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 30 | ഓഡിറ്റ് റിക്കവറി | 4-6 |
| 31 | സമാഹൃതറിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-7 |
| 32 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 33 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |


**********************************

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 17.03.2015 തീയതിയിലെ (1) തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരം

₹12,04,65,750/- വരവും ₹12,02,25,616/- ചെലവും പ്രതീക്ഷിക്കുന്നു.

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2016 | 06.06.2016 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2015-16 | 22.09.2016 & 23.09.2016 | ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം-1 ആയി ഉൾപ്പെടുത്തിയിട്ടുണ്ട് |

## 1-4 സാമ്പത്തിക വിശകലനം

| | | |
|---|---|---|
| മുന്നിരിപ്പ് | ₹ | 23544464 |
| വരവ് | ₹ | 93011414 |
| ആകെ | ₹ | 116555878 |
| ചെലവ് | ₹ | 103182881 |
| നീക്കിയിരിപ്പ് | ₹ | 13372997 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി ₹ | തൻവർഷ വരവ് ₹ | ആകെ ₹ | ചെലവ് ₹ | ചെലവ് ശതമാനം |
|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| വികസനഫണ്ട് | പൊതുവിഭാഗം | 937339 | 21964388 | 22901727 | 14226927 | 62.12 |
| | എസ്.സി.പി. | 586326 | 2972000 | 3558326 | 2481324 | 69.73 |
| | ടി.എസ്.പി. | 1445664 | 9572000 | 11017664 | 8560492 | 77.69 |
| സംരക്ഷണ ഗ്രാന്റ് | റോഡ് | 40 | 4903000 | 4903040 | 4821692 | 98.34 |
| | നോൺറോഡ് | 703146 | 4066994 | 4770146 | 2681982 | 5.62 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | | 861338 | 5182435 | 6043773 | 5030006 | 83.22 |
| പെർഫോമൻസ് ഗ്രാന്റ് | | 4370834 | 4370834 | 8741668 | 3821363 | 43.71 |
| തൊഴിലുറപ്പ് പദ്ധതി | | 114491 | 763173 | 877664 | 863423 | 98.37 |
| ബി-ഫണ്ട് | | 0 | 8023097 | 8023097 | 8023097 | 100 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ ₹ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് ₹ | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 139 | 83846601 | 104 | 46677308 | 11 | 35 | 94 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

– ഇല്ല -

## 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തിക വർഷത്തിൽ തനത് വരുമാനത്തിൽ താഴെ പറയും പ്രകാരം

2.75 ശതമാനം കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം ₹ | തൻവർഷം ₹ | വ്യത്യാസം ₹ | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 4630108 | 3811751 | (-)818357 | (-)17.65 |
| നികുതിയേതര വരവുകൾ | 460336 | 860128 | 399792 | 86.85 |
| മറ്റുവരവുകൾ | 0 | 278249 | 278249 | 100 |
| ആകെ | 5090444 | 4950128 | (-)140316 | (-)56.4 |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക ₹ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 120960 | 61 |
| കർഷകതൊഴിലാളി പെൻഷൻ | 644190 | 74 |
| വിധവാപെൻഷൻ | 5568400 | 531 |
| വാർദ്ധക്യകാലപെൻഷൻ | 9218700 | 1101 |
| വികലാംഗപെൻഷൻ | 2037880 | 215 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതർക്കുള്ള പെൻഷൻ | 293360 | 28 |

## 1-9 ക്യാഷ് വേരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20.09.2016 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹9,286/- ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

രജിസ്റ്ററുകളുടെയും ഫയലുകളുടെയും സൂക്ഷിപ്പ് തൃപ്തികരമല്ല. തൊഴിൽരഹിത വേതനം വിതരണം ചെയ്യുന്നതിനായി ആവശ്യമായതിലും അധികം തുക പിൻവലിക്കുന്ന പ്രവണത കാണുന്നു. ആസ്തി രജിസ്റ്ററിൽ എല്ലാ ആസ്തികളുടെയും മൂല്യ നിർണയം നടത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഫ്രണ്ട് ഓഫീസ് സംവിധാനം നല്ല രീതിയിൽ പ്രവർത്തിക്കുന്നുണ്ട്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 19.09.2016 | 8/16 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 19.09.2009 | 2004-05 മുതൽ 2008-09 വരെ | 11.09.2009 |

## 1-12 വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ

എല്ലാ ആസ്തികളുടെയും മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമായി സൂക്ഷിച്ചിട്ടില്ല.

അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതിയിട്ടില്ല.

താഴെപ്പറയുന്ന ഇനങ്ങളിൽ ലഭ്യമാക്കിയ എ.സി.ആർ.(കമ്പ്യൂട്ടർ സ്റ്റേറ്റ് മെന്റ്) പ്രകാരമുള്ള തുകയും വാർഷിക ധനകാര്യപത്രികയിലെ തുകയും തമ്മിൽ വ്യത്യാസം കാണുന്നു.

1. വികസനഫണ്ട് - ടി.എസ്.പി.

2.വികസനഫണ്ട് - സി.എഫ്.സി

3.മെയിന്റനൻസ് ഫണ്ട് - നോൺറോഡ് അസറ്റ്സ്.

വ്യത്യാസം വന്നതിന്റെ കാരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

************************

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 ഷോപ്പിങ്ങ് കോംപ്ലക്സ് വാടക ഈടാക്കിയിട്ടില്ല – നഷ്ടം ₹32604/-

അറക്കുളം ഗ്രാമപഞ്ചായത്ത് വക ഷോപ്പിങ്ങ് കോംപ്ലക്സിന്റെ താഴെപ്പറയുന്ന മുറികൾ ശ്രീ. മനു എസ്. ചന്ദ്രൻ, അമ്പാട്ട്, മൂലമറ്റം എന്നയാൾക്ക് വാടകയ്ക്ക് നൽകിയിട്ടുണ്ടെങ്കിലും തൻവർഷം 2015 ഏപ്രിൽ മാസം ഒഴികെയുള്ള മാസങ്ങളിലെ വാടക ഈടാക്കിയിട്ടില്ല.

ഈടാക്കാനുള്ള വാടകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

റൂം നമ്പർ **- 4**

5/2015 മുതൽ 3/2016 വരെ പ്രതിമാസം ₹1,823/- നിരക്കിൽ (1823x11) = ₹20,053/-

റൂം നമ്പർ **- 8**

5/2015 മുതൽ 3/2016 വരെ പ്രതിമാസം ₹1,141/- നിരക്കിൽ (1141x11)

ആകെ (20053+12551) = ₹32,604/-

പ്രതിമാസ വാടകയുടെ 1% പലിശയുൾപ്പെടെ തുക ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്ക് വരുത്തേണ്ടതാണ്.

******************

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 തൊഴിൽ രഹിതവേതനം - അപാകതകൾ

ഓഡിറ്റ് വർഷം തൊഴിൽരഹിത വേതനം വിതരണം ചെയ്യുന്നതിനായി ₹1,20,960/- പിൻവലിച്ചതിൽ ₹95,900/- മാത്രമേ വിതരണം ചെയ്തിട്ടുള്ളൂ. ₹25,060/- അധികം പിൻവലിച്ചതിന് വിശദീകരണം നൽകേണ്ടതാണ്.

ഓഡിറ്റ് വർഷം 35 വയസ്സ് പൂർത്തിയായ താഴെ പറയുന്ന വ്യക്തികൾക്കും വേതനം നല്കുന്നതിനായി തുക പിൻവലിച്ചിട്ടുണ്ട്.

| പേര് | നമ്പർ | 35 വയസ് പൂർത്തിയായ മാസം | 9/14 മുതൽ 6/15 വരെ കാലയളവിലെ പെൻഷൻ നല്കുന്നതിനായി പിൻവലിച്ച തുക ₹ | നല്കിയ തുക ₹ | അധികം നല്കിയത് ₹ |
|---|---|---|---|---|---|
| അമ്പിളി കെ.എസ്. | 298 | 4/14 | 1200 | 840 | 840 |
| ബിന്ദു ചാക്കോ | 371 | 3/14 | 1200 | 600 | 600 |
| സീമ.ബി | 382 | 5/15 | 1200 | 1200 | 120 |
| രാജീവ് മാത്യൂ | 505 | 3/15 | 1200 | 1200 | 360 |
| മിനി പി.കെ | 508 | 5/15 | 1200 | 1200 | 120 |
| ആകെ അധികം നല്കിയത് | | | | | 2040 |

അർഹതയില്ലാത്ത കാലയളവിലെ വേതനമായി നല്കിയ ₹2,040/- രേഖകൾ പരിശോധിക്കാതെ തുക പിൻവലിച്ച് നൽകിയ സെക്ഷൻ ക്ലാർക്കിൽ നിന്നും ഈടാക്കേണ്ടതാണ്.

1) 2/2015 മുതൽ മാത്രം വേതനം അനുവദിച്ച റോസിലി കെ. എസ്. കല്ലേപുരയ്ക്കൽ (583), കണ്ണിക്കൽ, പ്രഭാവതി കെ, കല്ലേക്കുളം, പുള്ളിക്കാനം (582) എന്നിവർക്കും 9/14 മുതൽ 6/15 വരെയുള്ള വേതനം വിതരണം ചെയ്യുന്നതിനായി ₹1,200/- വീതം പിൻവലിച്ചിട്ടുണ്ടെങ്കിലും ₹600/- വീതം മാത്രമേ വിതരണം ചെയ്തിട്ടുള്ളൂ.

2) വ്യക്തമായ പരിശോധനയില്ലാതെ തുക പിൻവലിച്ചതിനാലാണ് അധിക തുക പിൻവലിക്കേണ്ടി വന്നിരിക്കുന്നത്.

3) ക്രമ നമ്പർ 586 എന്ന് രേഖപ്പെടുത്തി ബിനിറ്റ് ജോൺ എന്ന വ്യക്തിക്ക് രണ്ടു ബില്ലുകളിലുമായി പിൻവലിച്ച ₹1,800/-യിൽ ₹1,100/- വിതരണം ചെയ്തിരിക്കുന്നു. വേതനം അനുവദിച്ച വിവരം രേഖപ്പെടുത്തുന്ന രജിസ്റ്ററിൽ ടി പേരിൽ ഒരു രേഖപ്പെടുത്തൽ ഇല്ല. ക്രമ നമ്പർ 586 ആയി ജോൾഫിൻ കുര്യൻ എന്ന പേര് രേഖപ്പെടുത്തിയിരിക്കുന്നു. ജോൾഫിൻ കുര്യൻ, പുത്തൻപുരയ്ക്കൽ, കുവപ്പള്ളി (ക്രമ നമ്പർ 572) എന്ന വ്യക്തിക്ക് 8/2011 മുതൽ വേതനം അനുവദിച്ചു വരുന്നു. എന്നാൽ ക്രമ നമ്പർ 586 ആയി ജോൾഫിൻ കുര്യൻ, പുത്തൻപുരയ്ക്കൽ, കുവപ്പള്ളി എന്ന വ്യക്തിക്ക് കുടുംബ വാർഷിക വരുമാനം ₹12,000/-ൽ കൂടുതലായതിനാലും എംപ്ലോയ്മെന്റ് രജിസ്ട്രേഷന് 3 വർഷം

സീനിയോറിറ്റി ഇല്ല എന്നീ കാരണങ്ങളാൽ വേതനത്തിന് അർഹതയില്ലായെന്നും രേഖപ്പെടുത്തിയിട്ടുണ്ട്.

മേൽ പരാമർശിച്ച അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറി നം.12 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 3-2 സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് - പദ്ധതി തൃപ്തികരമായി പൂർത്തിയായില്ല- ചെലവ് ₹12,50,000/- തടസ്സപ്പെടുത്തുന്നു

പദ്ധതി നം. – 133

നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി

അടങ്കൽ – ₹12,50,000/-

ചെലവ് – ₹12,50,000/- (ബിൽ നം.36, തീയതി. 31.03.2016)

ഈ പദ്ധതിയിൽ കെൽട്രോൺ, തിരുവനന്തപുരത്തിന്റെ രസീത് നം.TSD/PI/153/15-16 Dt.28.03.2016 പ്രകാരം. 243 LED സ്ട്രീറ്റ് ലൈറ്റുകളുടെ വില ₹10,08,450/-(4150x243) ഇൻസ്റ്റലേഷൻ ചാർജ് ₹2,43,000/-(1000x243) ആകെ ₹12,51,450/- അടങ്കൽ തുകയായ ₹12,50,000/-ൽ പരിമിതപ്പെടുത്തി ബിൽ മാറിയിരിക്കുന്നു. സ്ഥാപിച്ച ലൈറ്റുകളുടെ നമ്പർ, പോസ്റ്റിന്റെ നമ്പർ എന്നിവയുൾപ്പെടുന്ന വിശദാംശം ലഭ്യമല്ല. ലഭിച്ചതിൽ 150 ലൈറ്റുകൾ പ്രവർത്തനക്ഷമമല്ല എന്നും സ്ഥാപിച്ച ലൈനുകൾ പലയിടത്തും മാറിപ്പോയിട്ടുണ്ട് എന്നും സെക്രട്ടറി 31.05.2016ൽ എ2.312/16 നമ്പരായി കെൽട്രോണിന് അയച്ച കത്തിൽ നിന്നും വ്യക്തമാകുന്നു. പദ്ധതി തൃപ്തികരമായി പൂർത്തിയായിട്ടില്ലാത്തതിനാൽ ചെലവ് തടസ്സപ്പെടുത്തുന്നു. കെൽട്രോണിൽ നിന്നുമുള്ള കൈപ്പറ്റ് രസീത് ഫയലിൽ ലഭ്യമല്ല.

## 3-3 വീട് മെയിന്റനൻസ് -ടി.എസ്.പി.(വനിത) അംഗീകരിച്ച പ്രോജക്ടിൽ നിന്നും വ്യതിചലിച്ച് പദ്ധതി നടപ്പാക്കിയിരിക്കുന്നു. ചെലവ് തടസ്സം - ₹4,50,000/-

പദ്ധതി നം. – 68

നിർവ്വഹണ ഉദ്യോഗസ്ഥൻ – അസി.സെക്രട്ടറി

അടങ്കൽ – ₹9,00,000/-

ചെലവ് – ₹4,50,000/-

36 ഗുണഭോക്താക്കൾക്ക് ₹25,000/- വീതം കണക്കാക്കി 9 ലക്ഷം അടങ്കൽ നിശ്ചയിച്ച പദ്ധതി പരിഷ്കരിച്ച് ഡി.പി.സി.-യിൽ നിന്നും അംഗീകാരം വാങ്ങാതെ തന്നെ ₹1,00,000/- വീതം 9 ഗുണഭോക്താക്കൾക്ക് നിജപ്പെടുത്തി ആദ്യഗഡുവായി 9 പേർക്ക് ₹50,000/- വീതം നൽകി. ക്രമവിരുദ്ധമായ ആകെ ചെലവ് ₹4,50,000/- ക്രമവിരുദ്ധമായ അംഗീകാരത്തിന് വിധേയമായി തടസ്സപ്പെടുത്തുന്നു.

## 3-4 ട്രാൻസ്പോർട്ടേഷൻ ചാർജ് നല്കിയത് - തടസ്സം - ₹1,46,659/-

ഗ്രാമപഞ്ചായത്തിന്റെ 05.10.2015ലെ III(1) തീരുമാനപ്രകാരം ഗ്രാമപഞ്ചായത്തിലെ 31 അങ്കണവാടികളിൽ ഭക്ഷ്യസാധനങ്ങൾ എത്തിക്കുന്നതിന് കി.ഗ്രാമിന് 3.50 നിരക്കിൽ ശ്രീ. ജോസഫ് ടി. എസ്. എന്നയാൾ സമർപ്പിച്ച ക്വട്ടേഷൻ അംഗീകരിച്ചിട്ടുണ്ട്. ഈ നിരക്കിന്റെ പ്രാബല്യ തീയതി രേഖപ്പെടുത്തിയിട്ടില്ല. ഓഡിറ്റ് വർഷം ഭക്ഷ്യസാധനങ്ങൾ എത്തിച്ചതിന് ടിയാൾക്ക് ₹1,46,659/- നല്കിയിട്ടുണ്ട്. ഇത്രയും തുക നല്കുവാനുണ്ടായ സാഹചര്യം വ്യക്തമല്ല. ₹1,43,659/- ട്രാൻസ്പോർട്ടേഷൻ ചാർജിനത്തിൽ നല്കിയതിന് വ്യക്തമായ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ₹1,46,659/- ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

| ബിൽ നമ്പർ/തുക | ട്രാൻസ്പോർട്ടേഷൻ ചാർജിനത്തിൽ നല്കിയ തുക ₹ |
|---|---|
| 1/15-16/21.07.2015, ₹4,74,702/- | 18000/- |
| 2/15-16/21.07.2015, ₹1,11,666/- | 3000/- |
| 4/15-16/14.12.2015, ₹1,10,274/- | 3000/- |
| 5/15-16/14.12.2015, ₹3,83,436/- | 23876/- |
| 6/15-16/14.12.2015, ₹1,73,794/- | 11559/- |
| 7/15-16/14.12.2015, ₹1,60,105/- | 3000/- |
| 10/15-16/23.02.2016, ₹3,63,985/- | 49716/- |
| ചെക്ക്നം. 3565366/28.03.2016, ₹238899/- | 34508/- |
| ആകെ | 146659/- |

## 3-5 ചെലവ് തടസ്സപ്പെടുത്തുന്നു

താഴെ പറയുന്ന വിവിധ ചെലവുകൾക്ക് ഉപോൽബലകമായ രേഖകൾ ഹാജരാക്കാത്തതിനാൽ ₹73,014/- ചെലവ് തടസ്സപ്പെടുത്തുന്നു.

| ക്രമനമ്പർ | വൗച്ചർ നമ്പർ/തീയതി | തുക ₹ | ചെലവിനം | തടസ്സകാരണം |
|---|---|---|---|---|
| 1 | 211500149/26.05.2015 | 36014 | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)വെള്ളക്കര കുടിശ്ശിക വാട്ടർ അതോറിറ്റിക്ക് | കൈപ്പറ്റ് രസീത് ഹാജരാക്കിയില്ല |

| | | | | |
|---|---|---|---|---|
| | | | നൽകിയത് | |
| 2 | 21500180/04.06.2015 | 10000 | ഫെറോനാ ചർച്ച് ഇന്റർ മീഡിയറ്റ് പെറ്റി വർക്കിനായി പൻവലിച്ചത് | ഫയൽ ഹാജരാക്കിയില്ല |
| 3 | 21500589/01.12.2015 | 5000 | ബൂത്ത് അറേജ്മെന്റിനായി തുക പിൻവലിച്ചത് | ഫയൽ ഹാജരാക്കിയില്ല |
| 4 | 21500727/14.01.2016 | 22000 | ഇലക്ഷൻ ജീവനക്കാർക്ക് ഹോണറേറിയം നൽകുന്നതിനായി പിൻവലിച്ചത് | കൈപ്പറ്റ് രസീത് ഹാജരാക്കിയില്ല |
| | ആകെ | 73014 | | |

## 3-6 പെൻഷൻ തുക തിരികെ ഒടുക്കിയത് - വിശദാംശങ്ങൾ ലഭ്യമാക്കിയില്ല

വിവിധ പെൻഷനുകൾ തിരികെ വന്നത് താഴെ പറയുന്ന വൗച്ചറുകൾ പ്രകാരം പിൻവലിച്ചിട്ടുണ്ടെങ്കിലും ആയതിന്റെ ചെലാൻ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. മാത്രമല്ല, ഏതൊക്കെ പെൻഷനുകളാണ് തിരികെ വന്നിട്ടുള്ളതെന്ന് ഫയലിൽ വ്യക്തമാക്കിയിട്ടില്ല. പെൻഷൻ ഒടുക്കിയതിന്റെ വിശദാംശങ്ങൾ ഹാജരാക്കേണ്ടതാണ്.

| ക്രമ നമ്പർ | വൗച്ചർ നമ്പർ/തീയതി | പിൻവലിച്ച തുക ₹ |
|---|---|---|
| 1 | 21500017/10.04.2015 | 4200 |
| 2 | 21500018/10.04.2015 | 2000 |
| 3 | 21500019/10.04.2015 | 1600 |
| 4 | 21500020/10.04.2015 | 1500 |
| 5 | 21500021/10.04.2015 | 500 |
| 6 | 2150022/10.04.2015 | 9000 |
| 7 | 21500031/16.04.2015 | 14880 |
| 8 | 21500032/16.04.2015 | 500 |

| | | |
|---|---|---|
| | ആകെ | 34180 |

രേഖകളുടെ അഭാവത്തിൽ ₹34,180/-യുടെ ചെലവ് തടപ്പെടുത്തുന്നു.

## 3-7 മീഡിയാശ്രീ പദ്ധതി - പദ്ധതി പൂർത്തിയായില്ല ചെലവ് തടസ്സം - ₹75,000/-

ഗ്രാമപഞ്ചായത്തിനെക്കുറിച്ച് ഡോക്യുമെന്ററി ചലച്ചിത്രം നിർമ്മിക്കുന്നതിനായി (പദ്ധതി നം.118, അടങ്കൽ ₹75,000/-) അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായ ഈ പദ്ധതിയിൽ തൻവർഷം ₹20,000/-യുടെ ഡി. ഡി. (നം. 024891-29/7/2015) കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ പേരിൽ എടുത്തിട്ടുള്ളതായി കാണുന്നു. എന്നാൽ ഈ തുകയുള്ള കൈപ്പറ്റ് രസീത് ഫയലിൽ ലഭ്യമല്ല. പദ്ധതിപ്രവർത്തനങ്ങളൊന്നും നടന്നിട്ടുമില്ല. പദ്ധതി തൃപ്തികരമായി പൂർത്തീകരിച്ചതിന്റെ റിപ്പോർട്ട് ലഭിക്കാത്തതിനാൽ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-8 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതി ജീവനക്കാർക്ക് തനത് ഫണ്ടിൽ നിന്നും തുക നൽകിയത് തിരിച്ചടച്ചില്ല

മഹാത്മാഗാന്ധി ദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൻകീഴിൽ പ്രവർത്തിക്കുന്ന ഗ്രാമപഞ്ചായത്തിലെ ജീവനക്കാർക്ക് ഫണ്ടിന്റെ അപര്യാപ്തതമൂലം ശമ്പളം നൽകുവാൻ സാധിച്ചില്ല. 01.02.2016 തീയതിലെ സർക്കാർ ഉത്തരവ് (സാധാ.)409/16/തസ്വഭവ. പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ ലഭ്യമായ തനത്/ജനറൽ പർപ്പസ് ഫണ്ടിൽ നിന്ന് തുക ചെലവഴിക്കുന്നതിനും കേന്ദ്രഫണ്ട് ലഭിക്കുന്ന മുറയ്ക്ക് അക്കൗണ്ടിലേക്ക് തുക ക്രമീകരിക്കുന്നതിന് അനുമതി നൽകിയിട്ടുള്ളതാണ്. ഈയിനത്തിൽ നൽകിയ താഴെ പറയുന്ന തുകകൾ നാളിതുവരെ ക്രമീകരിച്ചിട്ടില്ല. തുകകൾ നൽകിയതിന്റെ വിശദാംശം ചുവടെ കൊടുക്കുന്നു.

| ക്രമനമ്പർ | ചെക്ക് നമ്പർ/തീയതി | തുക ₹ |
|---|---|---|
| 1 | 353941/03.02.2016 | 36000 |
| 2 | 353942/03.02.2016 | 36000 |
| 3 | 353943/03.02.2016 | 39000 |
| 4 | 353944/03.02.2016 | 48000 |
| 5 | 353945/03.02.2016 | 7800 |
| 6 | 50529/03.02.2016 | 1193 |
| 7 | 50544/04.03.2016 | 18000 |
| 8 | 50545/04.03.2016 | 18000 |
| 9 | 50546/04.03.2016 | 23500 |

| | | |
|---|---|---|
| 10 | 50547/04.03.2016 | 19000 |
| | ആകെ | 246493 |

₹2,46,493/- തനത് ഫണ്ടിൽ തിരിച്ചടച്ചതിന്റെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-9 ആശ്രയ -അക്കൗണ്ടിൽ വൻ തുക അവശേഷിക്കുന്നു

ആശ്രയ പദ്ധതിയിലെ 2-ാം ഘട്ടം പദ്ധതിക്ക് സർക്കാരിൽ നിന്നും അംഗീകാരം ലഭിച്ചിട്ടുള്ളതാണ്. എന്നാൽ പദ്ധതി ഫലപ്രദമായി നടപ്പിലാക്കാതെ അഗതികളുടെ ക്ഷേമത്തിനും വികസനത്തിനും പ്രയോജനം ലഭിക്കേണ്ട തുക പാഴാക്കുകയാണ്. ആശ്രയ അക്കൗണ്ടിൽ 31.03.2016ൽ ₹14,56,436/- ചെലവഴിക്കാതെ അവശേഷിക്കുന്നുണ്ട്. അഗതികളുടെ ക്ഷേമത്തിനും വികസനത്തിനും പ്രാദേശിക പ്രത്യേകതകളുള്ള ഉചിതമായ പരിപാടികൾ കണ്ടെത്തി നടപ്പാക്കുന്നതിന് ഗ്രാമപഞ്ചായത്ത് ശ്രദ്ധിക്കേണ്ടതാണ്. ഭരണ സമിതി ഇക്കാര്യത്തിൽ സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

## 3-10 വെള്ളക്കരം സംയുക്ത പരിശോധന നടത്താതെ ഒടുക്കുന്നു

തൻവർഷം ഗ്രാമപഞ്ചായത്തിൽ വെള്ളക്കരം ഇനത്തിൽ 100 ടാപ്പുകൾക്ക് 4/15 മുതൽ 3/16വരെ പ്രതിമാസം ₹43,750/- നിരക്കിൽ ₹5,25,000/- ഒടുക്ക് വരുത്തിയിട്ടുണ്ട്. ഈ 100 ടാപ്പുകളിൽ എത്രയെണ്ണം പ്രവർത്തിക്കുന്നവ, പ്രവർത്തിക്കാത്തവ തുടങ്ങിയവ രേഖപ്പെടുത്തുന്ന രജിസ്റ്റർ പരിപാലിക്കുന്നില്ല. മാത്രമല്ല, വാട്ടർ അതോറിറ്റിയും ഗ്രാമപഞ്ചായത്തുമായി സംയുക്ത പരിശോധന നടത്തണമെന്ന 28.09.2011ലെ ജി.ഒ.(ആർ.റ്റി.)2242/2011/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം നാളിതുവരെയും സംയുക്തപരിശോധന നടത്തിയിട്ടില്ല. സംയുക്തപരിശോധന നടത്തി വെള്ളക്കരം അധികമായി ഒടുക്കിയിട്ടുണ്ടെങ്കിൽ ക്രമീകരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതും ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 3-11 ലൈബ്രറി സെസ്സ് ഒടുക്കിയില്ല

വസ്തുനികുതിയിനത്തിൽ തൻവർഷം കുടിശ്ശിക ഉൾപ്പെടെ ₹90,90,781/- വരവ് ഉണ്ടെങ്കിലും ഗ്രാമപഞ്ചായത്ത് ലൈബ്രറി സെസ്സ് ഒടുക്കിയിട്ടില്ല. 20.09.2005ലെ സർക്കുലർ നമ്പർ 10088/എൽ.3/05/ത.സ്വ.ഭ.വ പ്രകാരം തദ്ദേശ സ്ഥാപനങ്ങൾ ഒരു വർഷം ലൈബ്രറി സെസ്സ് ഇനത്തിൽ പിരിക്കുന്ന തുക രണ്ടു ഗഡുക്കളായി ലൈബ്രറി കൗൺസിലിന് അടയ്ക്കുണ്ടതാണ്. ആദ്യ ഗഡു ഏപ്രിൽ 30നകവും രണ്ടാമത്തെ ഗഡു നവംബർ 30നകമാണ് അടയ്ക്കേണ്ടത്. ഇതിൽ വീഴ്ച വരുത്തിയാൽ അത് തദ്ദേശ സ്ഥാപനത്തിലെ സെക്രട്ടറിയുടെ വ്യക്തിപരമായ ബാദ്ധ്യതയായി കണക്കാക്കുന്നതും ഈ കാലയളവിലെ പലിശ സെക്രട്ടറിയുടെ പക്കൽ നിന്ന് ഈടാക്കുന്നതുമാണെന്ന് സർക്കുലറിൽ അനുശാസിക്കുന്നുണ്ടെങ്കിലും ആയത് അടച്ചിട്ടില്ല. ലൈബ്രറിസെസ്സ് അടയ്ക്കുന്നതിന് നടപടി സ്വീകരിക്കേണ്ട വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

****************************

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക ₹ | പ്രൊജക്ടിന്റെ പേര് | ചെലവ് ₹ | ബാലൻസ് ₹ |
|---|---|---|---|---|---|
| ബ്ലോക്ക്പഞ്ചായത്ത് | 2015-16 | 400000 | അംഗൽവാടി പൂരകപോഷകാഹാരം | 238899 | 161101 |

### 4-2 ഡെപ്പോസിറ്റ് വർക്കിന് നല്കിയ തുകയുടെ വിവരങ്ങൾ

– ഇല്ല -

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് നല്കിയ തുകയുടെ വിവരങ്ങൾ

– ഇല്ല -

### 4-4 വായ്പ / വായ്പ തിരിച്ചടവ്

– ഇല്ല –

### 4-5 സ്ഥിര നിക്ഷേപങ്ങൾ

| | | |
|---|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | ₹ | 605000 |
| തൻവർഷം നിക്ഷേപിച്ച തുക(പലിശ) | ₹ | 60500 |
| ആകെ | ₹ | 665500 |
| തന്നാണ്ടിൽ പിൻവലിച്ച തുക | ₹ | 0 |

| | | |
|---|---|---|
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | ₹ | 665500 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| 27.03.2013ൽ ഇടുക്കി ജില്ലാ പഞ്ചായത്ത് എംപ്ലോയീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ്, നെടുങ്കണ്ടത്ത് നിക്ഷേപിച്ച ₹5,00,000/- | രസീത് നം. 1202/27.03.2016 പ്രകാരം ₹6,65,500/-<br>( 10% പലിശ നിരക്കിൽ) |
| ആകെ | ₹66,550/- |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

– ഇല്ല –

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹ | 93011414 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹ | 103182881 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹ | 2040 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹ | 1973853 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക ₹ | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് | സർചാർജ്ജ് | |

| | | | |
|---|---|---|---|
| | ചെയ്യാവുന്നവ | ചെയ്യാവുന്നവ | |
| 3-1 | - | 2040 | ശ്രീമതി. ഷീബ ജോൺസൺ, ക്ലാർക്ക് |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക ₹ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 1250000 | ശ്രീ. സജി തോമസ്, സെക്രട്ടറി |
| 3-3 | 450000 | ശ്രീമതി. ശോഭന. പി., അസി. സെക്രട്ടറി |
| 3-4 | 146659 | ശ്രീമതി. പി. കെ. ഗീത, ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| 3-5 | 73014 | ശ്രീ. സജി തോമസ്, സെക്രട്ടറി |
| 3-6 | 34180 | ശ്രീ. സജി തോമസ്, സെക്രട്ടറി |
| 3-7 | 20000 | ശ്രീ. സജി തോമസ്, സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

– ഇല്ല –

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

– ഇല്ല –

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. സജി തോമസ്, സെക്രട്ടറി | സെക്രട്ടറി, കടയത്തൂർ ഗ്രാമപഞ്ചായത്ത് | ചെമ്മംപ്ലാക്കൽ, കാഞ്ഞാർ പി.ഒ. |
| ശ്രീമതി. ഷീബ ജോൺസൺ, ക്ലാർക്ക് | ക്ലാർക്ക്, അറക്കുളം ഗ്രാമപഞ്ചായത്ത് | ചെമ്പനാൽ, കണ്ണിക്കൽ പി.ഒ. പൂത്തേട് |

| | | |
|---|---|---|
| | | |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1996-97 | എൽ.എഫ്.ഐ.- 9/285/98/16.10.98/30.11.98 |
| 1997-98 | എൽ.എഫ്.ഐ.- 9/416/99/19.02.2000 |
| 1998-99 | എൽ.എഫ്.ഐ.- 9/293/2000/17.10.2000 |
| 1999-2000 | എൽ.എഫ്.ഐ.- 9/94/02/26.08.2002 |
| 2000-01 | എൽ.എഫ്.ഐ.- 9/114/03/05.04.2003 |
| 2001-02 | എൽ.എഫ്.ഐ.- 9/564/03/19.01.2004 |
| 2002-03 | എൽ.എഫ്.ഐ.- 9/661/05/08.12.2006 |
| 2003-04 | എൽ.എഫ്.ഐ.- 9/448/06/13.10.2006 |
| 2004-05 | എൽ.എഫ്.ഐ.- 9/1033/07/17.01.2008 |
| 2005-06 | എൽ.എഫ്.ഐ.- 9/559/08/21.09.2009 |
| 2006-07 | എൽ.എഫ്.ഐ.- 9/253/09/19.11.2009 |
| 2007-08 | എൽ.എഫ്.ഐ.- 13/13/507/10/15.03.2011 |

| | |
|---|---|
| 2008-09 | എൽ.എഫ്.ഐ.- 13/712/11/03.01.2012 |
| 2009-10 | എൽ.എഫ്.ഐ.- 13/860/12/04.09.2012 |
| 2010-11 | എൽ.എഫ്.ഐ.- 13/13/50/13/07.03.2013 |
| 2011-12 | എൽ.എഫ്.ഐ.- 13/1069/2013/12.11.2013 |
| 2012-13 | എൽ.എഫ്.ഐ.- 13/1096/2014/13.11.2014 |
| 2013-14 | എൽ.എഫ്.ഐ.- 13/1151/2015/05.11.2015 |
| 2014-15 | എൽ.എഫ്.ഐ.- 13/622/2016/02.06.2016 |

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

# അനുബന്ധം 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ-ഐ.ഡി.കെ-13/1360/2016


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ഇടുക്കി ജില്ലാ ഓഡിറ്റ് കാര്യാലയം
തൊടുപുഴ
*E-mail :doidk.ksad@kerala.gov.in*
Phone : 04862 227332


തീയതി : 05.11.2016

1994-ലെ കേരള ലോക്കൽഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും ഇടുക്കി ജില്ലയിലെ **അറക്കുളം** ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റുമെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ **അറക്കുളം** ഗ്രാമ പഞ്ചായത്തിന്റെ 2015-16ലെ വാർഷിക ധനകാര്യപത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

No.KSA/IDK-13/1360/2016

Kerala State Audit Department
Idukki District Office, Thodupuzha
*E-mail :doidk.ksad@kerala.gov.in*
Phone : 04862 227332
Date : 05.11.2016

AUDIT CERTIFICATE

Certified that I have audited the Annual Financial Statement of ARAKKULAM Grama Panchayat in Idukki District for the year ended on 31.3.2016 in accordance with Sn4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994 ,the rules made there under and the guidelines issued by the Comptroller and Auditor General of India for purpose of audit of accounts of Panchayat Raj Institution.

In my opinion, the Financial Statements of ARAKKULAM Grama Panchayat for the year 2015-16 expect observations in my Audit Report properly presents the picture of income & expenditure.

DEPUTY DIRECTOR
IDUKKI